# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P5/1119/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P5/1119/2023 തീയ്യതി: 16/11/2023

## പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ്കുമാർ എൻ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ., ഓഡിറ്റർ
ശ്രീമതി സാജിത സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ജോൺസൺ വിളവിനാൽ, പ്രസിഡന്റ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ രാജീവ് പി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. വിദ്യ ആർ. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ ദിവ്യ ആർ. ജയൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ശ്രീമതി കവിത എസ്. | കൃഷി ഓഫീസർ(അഡീഷണൽ ചാർജ്ജ്) | 01-04-2022 | 03-08-2022 |
| ശ്രീമതി സ്മിത റ്റി. | കൃഷി ഓഫീസർ | 04-08-2022 | 31-03-2023 |
| ശ്രീമതി ആതിര അർജ്ജുൻ | ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 22-07-2022 |
| ശ്രീമതി വിദ്യ എം.എസ്. | ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീലക്ഷ്മി ആർ. | ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 23-07-2022 | 31-03-2023 |
| ശ്രീമതി ഗ്ലാഡിസ് വി.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനുമോൾ ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശാന്തകുമാരി ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ പ്രമോജ്കുമാർ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ഡോ. സുബിയാൻ | വെറ്ററിനറി സർജൻ | 01-04-2022 | 08-09-2022 |
| ഡോ. വർഗ്ഗീസ് നീത ജോയ് | വെറ്ററിനറി സർജൻ | 09-09-2022 | 02-10-2022 |
| ഡോ. അനുപമ കെ. | വെറ്ററിനറി സർജൻ(അഡീഷണൽ | 03-10-2022 | 20-02-2023 |

| | | | |
|---|---|---|---|
| | ചാർജ്ജ്) | | |
| ഡോ. ശുഭ പരമേശ്വരൻ | വെറ്ററിനറി സർജൻ | 21-02-2023 | 31-03-2023 |
| ശ്രീ സജികുമാർ | ഹെഡ്മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീമതി സ്മിതാകുമാരി കെ.എസ്. | ഹെഡ്മിസ്ട്രസ് | 01-07-2022 | 31-03-2023 |
| ശ്രീമതി ഉഷ സി.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-05-2022 |
| ശ്രീ അവിനാഷ് വി. | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്ജ്) | 31-05-2022 | 24-07-2022 |
| ശ്രീ രതീശൻ പി.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 25-07-2022 | 31-03-2023 |
| ശ്രീ സുരേഷ്കുമാർ ആർ. | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ്ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | രസീതുബുക്കുകളുടെ പരിപാലനം - അപാകതകൾ | 1-11 |
| 17 | തനത് വിഭവ സമാഹരണം-അവലോകനം | 1-12 |
| 18 | തൊഴി**ൽ** നികുതി പിരിവ് പൂ**ർ**ണ്ണമല്ല | 1-13 |
| 19 | ലൈസ**ൻ**സും രജിസ്ട്രേഷനുമില്ലാതെ പ്രൈവറ്റ് ആശുപത്രി പ്രവ**ർ**ത്തിക്കുന്നു | 1-14 |
| 20 | ചട്ടപ്രകാരമുള്ള ലൈസ**ൻ**സെടുക്കാതെ ആഡിറ്റോറിയങ്ങ**ൾ** പ്രവ**ർ**ത്തിക്കുന്നു | 1-15 |
| 21 | യഥാസമയം ലേലം ചെയ്യാത്തതിനാ**ൽ** വാഹനാവിശിഷ്ടം തുരുമ്പെടുത്ത് നശിക്കുന്നു | 1-16 |
| 22 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല | 1-17 |
| 23 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല | 1-18 |
| 24 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-19 |

| | | |
|---|---|---|
| 25 | ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 1-20 |
| 26 | ചട്ട പ്രകാരം ആവശ്യമായ കുറഞ്ഞ തുറസ്സായ സ്ഥലം ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു | 1-21 |
| 27 | ആസ്തികൾ സംരക്ഷിയ്ക്കപ്പെടുന്നില്ല- ആസ്തിരജിസ്റ്റർ കൃത്യമാക്കിയില്ല | 1-22 |
| 28 | ജലജീവൻമിഷൻ- പദ്ധതിപ്രവർത്തനം മോണിട്ടർ ചെയ്യുന്നില്ല | 1-23 |
| 29 | ലൈഫ് ഭവന പദ്ധതി-ഹഡ്കോ ലോൺ-7.33 ലക്ഷം രൂപ സ്രോതസ്സിൽ നിന്ന് അധികമായി തിരികെ പിടിച്ചു | 1-24 |
| 30 | പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിന് തുടർനടപടി അനിവാര്യം | 1-25 |
| 31 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-26 |
| 32 | തുക ഒടുക്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 33 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-28 |
| 34 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-മരണപ്പെട്ടവരെ യഥാസമയം പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല | 1-29 |
| 35 | തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല | 1-30 |
| 36 | അഗതിരഹിതകേരളം പദ്ധതി - അവലോകനം | 1-31 |
| 37 | ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു | 1-32 |
| 38 | ഹരിതകർമ്മസേന കൺസോർഷ്യം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 1-33 |
| 39 | മുറ്റത്തൊരു മീൻതോട്ടം-അപാകങ്ങൾ | 1-34 |
| 40 | റ്റി.ആർ 7എ മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 4(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 23.06.2023- ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓമല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ |
| 16/11/2023 | ജില്ലാ ഓഡിറ്റ് കാര്യാലയം |

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന അനുപാതങ്ങൾ(Ratios), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെപ്പറ്റിയുള്ള കുറിപ്പുകൾ (Notes To Accounts) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ്ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രിക പ്രകാരം തൻവർഷത്തെ ആകെ കാഷ്ഫ്ലോ (ഓപ്പറേറ്റിംഗ്+ഇൻവെസ്റ്റിംഗ്+ഫിനാൻസിംഗ്) 1654174 രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 4482553രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

A. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ കണക്കുകൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റിൽ വാഹനത്തിന്റെ ആസ്തിമൂല്യം രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

B. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി.യുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാരംഭത്തിൽ നടത്തേണ്ട ഡിമാന്റ് എൻട്രി 31.03.2023-ലാണ് ചെയ്തിട്ടുള്ളത്. പുതിയ കെട്ടിടങ്ങൾ അസ്സസ്സ് ചെയ്യുന്നതിനനുസരിച്ച് ചട്ടം 17(2)-ന് വിധേയമായി പ്രതിമാസം വസ്തുനികുതി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

## 1-1-5 ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല

ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാഹനത്തിന്റെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

## 1-2 ബജറ്റ്

1755698 രൂപ മുന്നിരിപ്പും 130450000 രൂപ വരവും 129873100 രൂപ ചെലവും 2332598രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് 25.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 20.02.2023 തീയതിയിലെ 1(1)- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട്)

| | |
|---|---|
| മുന്നിരിപ്പ് | 13231318 |
| വരവ് | 31650750 |
| ആകെ | 44882068 |
| ചെലവ് | 27168197 |
| നീക്കിയിരിപ്പ് | 17713871 |

ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| വരവ് | 102232454 |
| ചെലവ് | 99780467 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11897000 | 11897000 | 10777065 | 1119935 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6609000 | 6609000 | 5780493 | 828507 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1839181 | 4071748 | 5910929 | 2071410 | 3839519 (ലാപ്സായത്-229896, നീക്കിയിരുപ്പ്-3609623) |
| ധനകാര്യ | 0 | 2069490+97095 | 2166585 | 2159843+15(ബാങ്ക് | 6727 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | | (പലിശ) | | ചാർജ്ജസ്) | (ലാപ്സായത്-490 നീക്കിയിരുപ്പ്-6237) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7724000 | 7724000 | 6846721 | 877279 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 4570000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വ മിഷൻ | 1257058 | 140000 | 1397058 | 553923 | 843135 |
| ശബരിമല ഗ്രാന്റ് | 0 | 121000 | 121000 | 121000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | -695982 (ബാങ്ക്-0, തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യാനുള്ള തുക-695982) | 18233474.50 | 17537492.5 | 18499692.50 | -962200 (ബാങ്ക് -0, തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യാനുള്ള തുക-962200) |
| ഐ.സി.ഡി.എസ് | 974669 | 1155500 | 2130169 | 587687 | 1542482 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 239574 | 239574 | 94402 | 145172 |
| ഹെൽത്ത് ഗ്രാന്റ്-കൺവേർഷൻ റ്റു വെൽനസ്സ് സെന്റേഴ്സ് | 0 | 111543 | 111543 | 64091 | 47452 |

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

A. പൊതുവിഭാഗം, എസ്.സി.പി. വിഭാഗം വികസന ഫണ്ടുകളുടെ ഗഡുക്കളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് തുക, അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി നൽകേണ്ട തുക എന്നിവ സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള ആകെ അലോട്ട്മെന്റ് തുക വരവായി എടുക്കുന്നതിന് പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനു ശേഷം അനുവദിച്ച തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിട്ടുള്ളത്. തൻമൂലം വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി. എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക | | അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| | | KURDFC ലോൺ തിരിച്ചടവ് | അങ്കണവാടി-അധിക വേതനം | | |
| വികസന ഫണ്ട്-പൊതുവിഭാഗം | 11897000 | 504730 | 788400 | 10603870 | 10603870 |
| വികസന ഫണ്ട്-എസ്.സി.പി. | 6609000 | 550492 | - | 6058508 | 6058508 |

B. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ്, നീക്കിയിരുപ്പ് തുകകൾ കൃത്യമല്ല. ആയത് വാർഷിക കണക്ക് പ്രകാരമുള്ള ഈയിനത്തിലെ വരവ്, നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 76987481 | 159 | 39251348 | 0 | 53 | 75 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 10 | 2099376 | 1945156 |
| 2 | വെറ്ററിനറി സർജ്ജൻ | 6 | 6 | 1060000 | 523100 |
| 3 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 6 | 6 | 1912447 | 1686253 |
| 4 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 18 | 37278757 | 10948080 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 8 | 4568668 | 2981694 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 430000 | 430000 |
| 8 | സെക്രട്ടറി-ഗ്രാമപഞ്ചായത്ത് | 50 | 29 | 7971846 | 4667578 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 69 | 17573410 | 13775792 |
| 10 | ഹെഡ് മാസ്റ്റർ | 4 | 2 | 627390 | 506070 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 2805587 | 1163625 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 60000 | 24000 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | -695982 | 796070.50 | 100088.5 | 1062288.50 | -962200 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17437404 | 17437404 | 17437404 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,666,600 | 147 |
| വിധവാപെൻഷൻ | 5,874,800 | 554 |
| വാർദ്ധക്യകാല പെൻഷൻ | 17,739,800 | 1662 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2,380,600 | 215 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 225,000 | 22 |
| തൊഴിൽരഹിത വേതനം | 6,480 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-10-2023 തീയതിയിൽ 1:30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15436/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ആസ്തികൾ സംബന്ധിച്ച റവന്യൂ രേഖകൾ ലഭ്യമാക്കി പേരിൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചില്ല. മാസ്റ്റർ ഇൻക്യംബൻസി രജിസ്റ്റർ,തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവയും കാലികമാക്കിയിട്ടില്ല. പെർമിറ്റ് ഫയലും, കെട്ടിടങ്ങളുടെ നമ്പറിംഗിനായുള്ള ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച പരിശോധനകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഹരിതകർമ്മസേന കൺസോർഷ്യം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. യൂസർഫീ ഇനത്തിൽ വരവ് വന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിനങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. ഇത് സാമ്പത്തിക ഇടപാടുകളുടെ സുതാര്യതയെ ബാധിക്കുന്നതാണ്.

റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി.യുമായി പൊരുത്തപ്പെടുന്നില്ല.
അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാരംഭത്തിൽ നടത്തേണ്ട ഡിമാന്റ് എൻട്രി 31.03.2023-ലാണ് ചെയ്തിട്ടുള്ളത്. പുതിയ കെട്ടിടങ്ങൾ അസ്സസ്സ് ചെയ്യുന്നതിനനുസരിച്ച് ചട്ടം 17(2)-ന് വിധേയമായി പ്രതിമാസം വസ്തുനികുതി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുമ്പ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടുണ്ട്. പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണം സംയുക്തപരിശോധനയിലൂടെ 216 ൽ നിന്ന് 103 ആയി കുറയ്ക്കാൻ കഴിഞ്ഞു. അവശേഷിക്കുന്ന കുടിവെള്ള ടാപ്പുകൾ കൂടി ഡിസ്കണക്ട് ചെയ്യാൻ ആരംഭിച്ച നടപടികൾ പൂർണ്ണമാവേണ്ടതുണ്ട്. ജലജീവൻമിഷൻ പദ്ധതിയ്ക്ക് ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് മാത്രമാണ് ഇതേവരെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ളത്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ഏതൊക്കെ പ്രവൃത്തികൾ ആണ് ഉൾപ്പെടുത്തിയത് എന്നതിലും ഉപയാഗിക്കുന്ന സാധനസാമഗ്രികൾ സംബന്ധിച്ചും തികഞ്ഞ അവ്യക്തത ആണുള്ളത്. പദ്ധതിയുടെ മോണിറ്ററിംഗിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച നൽകിയിട്ടുണ്ട്. പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ യോഗങ്ങളുടെ മിനിട്സ് കാലവിളംബം വരുത്താതെ സകർമ്മയിൽ ക്ലോസ് ചെയ്തിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒരോ മാസവും യോഗം ചേരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2013 മുതൽ 05.09.2013 വരെ | 2008-09 മുതൽ 2012-13 വരെ | 01.10.2013 |
| പെർഫോമൻസ് ഓഡിറ്റ് | 20.06.2022 മുതൽ 22.06.2022 വരെ | 01.04.2021 മുതൽ 31.03.2022 വരെ | 30.01.2023 |

## 1-11 രസീതുബുക്കുകളുടെ പരിപാലനം - അപാകതകൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത മാനവൽ രസീത് ബുക്കുകൾ പരിശോധിച്ചത് പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ നിന്നും ജീവനക്കാർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. (ഉദാ:ബുക്ക് നം.54398,54395)

2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ:ബുക്ക് നം.54400,54399,54397).

3.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല(ഉദാ:ബുക്ക് നം.54397,54398).
അപാകങ്ങൾ ഒഴിവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 തനത് വിഭവ സമാഹരണം-അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരവും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ടും ഓമല്ലൂർ ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/LSGD/01-06-2022 ലെ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 2 ൽ എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി. സി. ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും, പ്രാദേശിക സർക്കാർ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. ഓമല്ലൂർ ഗ്രാമപ്പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ടി നിർദ്ദേശം നടപ്പില്ലാക്കുന്നില്ല. എല്ലാ മാസത്തേയും വരവ് ചെലവുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി അംഗീകരിച്ചിട്ടുണ്ട്. ബജറ്റും യഥാർഥ വരവുകളുമായുള്ള അന്തരം ടി കമ്മിറ്റി

പരിശോധിക്കുന്നതായി മിനിട്സ് പരിശോധിച്ചതിൽ കണ്ടില്ല. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും കമ്മറ്റി ചർച്ച ചെയ്തെങ്കിലും നടപ്പിലാക്കിയിട്ടില്ല. മുൻവർഷങ്ങളിലെയും തന്നാണ്ടിലെയും പിരിച്ചെടുക്കാൻ സാധിക്കാത്ത തനത് വരുമാനങ്ങൾ ഈടാക്കുന്നതിനുള്ള നടപടികൾ കമ്മിറ്റി സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ബജറ്റും യഥാർത്ഥ വരവുമായുള്ള അന്തരം ചർച്ച ചെയ്തിട്ടില്ല.

2.ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ മൊത്തം വരവ് ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. കൂടാതെ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതുമായിരിക്കണം. ബജറ്റ് പ്രകാരമുള്ള തനത് വരവുകളും യഥാർത്ഥ വരവുകളും തമ്മിൽ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള കളക്ഷൻ | യഥാർത്ഥ കളക്ഷൻ | വ്യതിയാനം(+/-) |
|---|---|---|---|---|
| 1 | വസ്തുനികുതി | 6400000 | 6233251 | -166749 |
| 2 | തൊഴിൽ നികുതി | 1600000 | 1065100 | -534900 |
| 3 | ലൈസൻസ് ഫീസ് | 300000 | 306000 | +6000 |
| 4 | പെർമിറ്റ് ഫീസ് | 350000 | 157718 | -192282 |
| 5 | വാടക | 1800000 | 1259209 | -540791 |

3.വസ്തുനികുതി

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമാണ് വസ്തുനികുതി. വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി പിരിവ് 100ശതമാനം കൈവരിക്കാൻ സാധിച്ചിട്ടില്ല. ആകെ ഡിമാന്റിന്റെ 87 ശതമാനമാണ് പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ 9.60 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

2.വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റവെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക , സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ . കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത് , ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിയ്ക്കുമായി ആളെ നിയോഗിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ പൂർത്തിയായിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023 /തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ

കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ചത് 11.08.2023-ലെ 5(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിക്കുകയും 23.08.2023-ൽവിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല. 2011-ന് ശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ , റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

4. തൊഴിൽ നികുതി

ഗ്രാമപ്പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. ചട്ടപ്രകാരമുള്ള പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടുണ്ട്.നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി സ്വീകരിച്ചിട്ടുള്ളത്.

5.ലൈസൻസ് ഫീസ്

മൂലധനം കൃത്യമായി എല്ലാ അപേക്ഷ ഫോറമുകളിൽ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. പൂർണ്ണമല്ലാത്ത/ അപാകതകയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഡാറ്റാ ബേസിൽ ലൈസൻസ് ഫീസ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

6.ലേലം

ലേലത്തിൽ നിന്നുള്ള വരുമാനം ഉയർത്തുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഫലമായി ടിയിനതിലുള്ള പിരിവ് വർദ്ധിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ നികുതി നികുതിയേതര പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തു നികുതി | 7193865 | 6233251 | 86.65 |
| 2 | തൊഴിൽ നികുതി | 1065100 | 1065100 | 100% |
| 3 | ലൈസൻസ് ഫീസ് | 306000 | 306000 | 100% |
| 4 | വാടക | 1313321 | 1259209 | 95.88% |
| 5 | ലേലം | 261902 | 261902 | 100% |
| 6 | പെർമിറ്റ് ഫീസ് | 157718 | 157718 | 100% |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി നികുതിയേതര പിരിവിലെ പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ് /കുറവ്ശതമാനം |
|---|---|---|---|---|---|
| 1 | വസ്തു നികുതി | 5291061 | 6233251 | 942190 | 17.81 |
| 2 | തൊഴിൽ നികുതി | 908770 | 1065100 | 156330 | 17.20 |
| 3 | ലൈസൻസ് ഫീസ് | 230400 | 306000 | 75600 | 32.81 |
| 4 | വാടക | 934138 | 1259209 | 325071 | 34.80 |
| 5 | ലേലം | 130000 | 261902 | 131902 | 101.46 |
| 6 | പെർമിറ്റ് ഫീസ് | 161183 | 157718 | -3465 | 2.15 |

തനത് വരുമാനം വർധിപ്പിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

1)ലൈസൻസ് ഫീസ് വിവരങ്ങൾ, പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ,അംഗീകൃത കരാറുകാരുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡാറ്റാ ബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നത് വഴി നികുതി നികുതിയേതര പിരിവ് കാര്യക്ഷമമാക്കാൻ കഴിയും .

2)ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

## 1-13 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനകാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന് റേഷൻ കടകളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | 2022-23 |
|---|---|---|
| 1 | മൗണ്ട് സിയോൺ ഹോസ്പിറ്റൽ, പുത്തൻപീടിക | 1st& 2nd Half |
| 2 | അക്ഷയ കേന്ദ്രം, ഓമല്ലൂർ | 1st& 2nd Half |
| 3 | അക്ഷയ കേന്ദ്രം, വാഴമുട്ടം | 1st& 2nd Half |
| 4 | അക്ഷയ കേന്ദ്രം, പന്ന്യാലി | 1st& 2nd Half |
| 5 | ക്രീം പാക്സ് പ്രൈവറ്റ് ലിമിറ്റഡ് | 2nd Half |
| 6 | എ.ജി.റ്റി. മാരുതി ഡ്രൈവിംഗ് സ്കൂൾ, ഓമല്ലൂർ | 1st Half |
| 7 | കെ.എൽ.എം. അക്സിവ | 1st Half |
| 8 | കാർ കെയർ സെന്റർ,ഓമല്ലൂർ | 1st Half |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിയ്ക്ക് ( എൻക്വയറി നം.5/26.10.2023) മറുപടിയായി ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. നികുതി ഈടാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ലൈസൻസും രജിസ്ട്രേഷനുമില്ലാതെ പ്രൈവറ്റ് ആശുപത്രി പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷം മൗൺ സിയോൺ പ്രൈവറ്റ് ഹോസ്പിറ്റൽ പഞ്ചായത്തിൽ നിന്ന് ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ എടുക്കാതെയാണ് പ്രവർത്തിച്ചത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് ആശുപത്രികൾക്ക് 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ്, 1997ലെ കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 3(1)ചട്ട പ്രകാരം രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. 2022-23ലെ പ്രൈവറ്റ് ഹോസ്പിറ്റൽ ആൻഡ് പാരാമെഡിക്കൽ രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മൗണ്ട് സിയോൺ ഹോസ്പിറ്റൽ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ എടുത്തിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.3/25.10.2023), ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ അടിയന്തരമായി എടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കി.31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്' നൽകുന്നതിന് ടി സ്ഥാപനം ഉൾപ്പെടുന്ന വിഭാഗത്തിനനുസൃതമായ നിരക്ക് നിശ്ചയിച്ച് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യേണ്ടതാണ്. ടി സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ചട്ടപ്രകാരമുള്ള ലൈസൻസെടുക്കാതെ ആഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച ആഡിറ്റോറിയങ്ങളിൽ നിന്നും സമയബന്ധിതമായി ലൈസൻസ് ഈടാക്കുന്നില്ല. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആഡിറ്റോറിയങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 'അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ' എന്ന ഗണത്തിൽപ്പെട്ട 37 കെട്ടിടങ്ങളുണ്ട്. എന്നാൽ 2022-23ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടി ഗണത്തിൽപ്പെട്ട ഒരു സ്ഥാപനം പോലും ലൈസൻസ് എടുത്തതായി കണ്ടില്ല. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച ചില ആഡിറ്റോറിയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആഡിറ്റോറിയത്തിന്റെ പേര് |
|---|---|
| 1 | ദർശന ആഡിറ്റോറിയം, ഓമല്ലൂർ |
| 2 | അഞ്ജലി ആഡിറ്റോറിയം, ഓമല്ലൂർ |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.4/25.10.2023) മറുപടിയായി ടി സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചു. ലൈസൻസ് ഫീസ് ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസീടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 യഥാസമയം ലേലം ചെയ്യാത്തതിനാൽ വാഹനാവിശിഷ്ടം തുരുമ്പെടുത്ത് നശിക്കുന്നു

2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന വാഹനാവശിഷ്ടത്തിന്റെ ലേലനടപടികൾ നാളിതു വരെ പൂർത്തിയാക്കിയിട്ടില്ല. 31.08.2022 ലെ കമ്മിറ്റി തീരുമാന നം.17(1) പ്രകാരം അറവുശാലക്ക് പുറകിലായുള്ള വാഹനാവശിഷ്ടം ലേലം ചെയ്യാൻ തീരുമാനം എടുത്തിരുന്നെങ്കിലും ഇതേവരെ നടപ്പായില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.7/26.10.2023), തുടർനടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് മറുപടി ലഭ്യമാക്കി. നിഷ്ക്രിയ ആസ്തിയുടെ ലേലനടപടികൾ പൂർത്തിയാക്കിയശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം വരെ പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2023-24 മുതൽ ഇ-ടെണ്ടർ ഫീസ് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇതിനായി ആരംഭിച്ച അക്കൗണ്ടിൽത്തന്നെ ക്രഡിറ്റ് ചെയ്ത് വരുന്നു. എന്നാൽ 2022-23 ൽ ഈയിനത്തിൽ 55960 രൂപ ജില്ലാപഞ്ചായത്തിലെ പ്രസ്തുത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് തിരികെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല

പഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് കുടിശ്ശികയിനത്തിൽ സാമ്പത്തിക വർഷാവസാനത്തിൽ 9.60ലക്ഷം രൂപ പിരിച്ചെടുക്കാനായി അവശേഷിക്കുന്നുണ്ട്. ആകെ ഡിമാന്റ് തുകയുടെ 87% മാത്രമാണ് 2022-23-ൽ പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിടമുടമയുടെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 2 | 132 | ഫാദര് യൂനാൻ, മുളമൂട്ടിൽ ചാക്കത്തറയിൽ,ഐമാലി | 3656 |
| 2 | 2 | 271B | രാഘവൻ, കണ്ണംതടത്തിൽ,ഐമാലി | 11001 |
| 3 | 2 | 337A | മോഹനൻ, കണ്ണംതടത്തിൽ,ഓമല്ലൂർ | 6139 |
| 4 | 3 | 225 | അസിസ്റ്റന്റ് എഞ്ചിനിയർ, മൈക്രോവേവ് സ്റ്റേഷൻ | 56260 |
| 5 | 3 | 225A | സബ് ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ. | 601600 |
| 6 | 3 | 406A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 25362 |

| | | | | |
|---|---|---|---|---|
| 7 | 4 | 356A | സബ് ഡിവിഷൻ എൻജിനിയർ, ബി.എസ്.എൻ.എൽ. | 19311 |
| 8 | 4 | 356B | സബ് ഡിവിഷൻ എൻജിനിയർ, ബി.എസ്.എൻ.എൽ. | 4582 |
| 9 | 6 | 261C | സൂസമ്മ രാജൻ, കല്ലുരേത്ത്,ഓമല്ലൂർ | 3390 |
| 10 | 8 | 22B | സബ് ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ. | 20364 |
| 11 | 11 | 291A | സബ് ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ. | 17227 |
| 12 | 11 | 291B | സബ് ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ. | 5808 |
| 13 | 12 | 393B | മുരളീധരൻ നായർ, കൊട്ടുപ്പള്ളിൽ വീട്,ആറ്ററികം, | 40068 |
| 14 | 13 | 422 | സണ്ണി സാം, അലക്സ് സാം, സജി സാം, തറയിൽ | 3424 |
| 15 | 13 | 424 | സണ്ണി സാം,അലക്സ് സാം, സജി സാം, തറയിൽ | 3424 |
| 16 | 13 | 682A | അമ്മിണി മത്തായി, പൌവ്വത്ത്പുത്തൻവീട് | 5974 |
| 17 | 13 | 682B | അമ്മിണി മത്തായി, പൌവ്വത്ത്പുത്തൻവീട് | 6897 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/28.10.2023), കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തനത് വരുമാന ഡിമാന്റിന്റെ 90 ശതമാനമെങ്കിലും പിരിവ് കൈവരിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 1% കുറവ് വരുത്തേണ്ടതാണെന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ 8-ാമത് ശുപാർശ അംഗീകരിച്ച് 18.12.2022-ൽ സ.ഉ.(കൈ.)നം.179/2022/ധന നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

ഓമല്ലൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 26-ൽ സർവ്വേ നം. 24/5-3-ലുള്ള 607ച.മീ ഭൂമിയിൽ ശ്രീ ജയ്സൺ റ്റി. സാമുവൽ എന്ന വ്യക്തി പെർമിറ്റെടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ 85.99ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ക്രമവത്ക്കരിച്ച് 04.07.2022-ൽ 8/165C എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 8-ാം വാർഡിൽ നിരണം പത്തനംതിട്ട-ഓമല്ലൂർ റോഡ് അതിരിലാണ് ടി.കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 7.76 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/28.10.2023) മറുപടിയായി കെട്ടിടത്തിന്റെ വസ്തുനികുതി സഞ്ചയയിൽ പുനർനിർണ്ണയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക തൻവർഷത്തെ നികുതിയോടൊപ്പം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു

ഓമല്ലൂർ വില്ലേജ് , ബ്ലോക്ക് നമ്പർ 25-ൽ സർവ്വേ നം. 355/18, 356/2, 356/3 എന്നിവയിലുള്ള 707ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 177.48ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിൽ (13/801) 227.02ച.മീ കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് ശ്രീ എസ്. ഭാനുവിക്രമൻ, ശ്രുതി, ആറ്ററികം, ഓമല്ലൂർ എന്ന വ്യക്തിയ്ക്ക് 07.10.2022-ൽ SC2-2105/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്ലോട്ടിൽ പാർപ്പിട, വാണിജ്യ ഉപയോഗ ഗണത്തിൽപ്പെടുന്ന മറ്റൊരു കെട്ടിടം (13/800, 800A) നിലവിലുണ്ട്. പ്ലോട്ടിൽ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം | നില | ഉപയോഗ ഗണം | ബിൽറ്റ് അപ്പ് | ഫ്ലോർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഏരിയ | ഏരിയ |
| നിലവിലുള്ള കെട്ടിടം 13/800, 13/800A | തറനിരപ്പ് നില | വാണിജ്യാവശ്യം | 189.91 | 179.95 |
| | ഒന്നാം നില | പാർപ്പിടാവശ്യം | 189.91 | 189.91 |
| ആകെ | | | 379.82 | 369.86 |
| നിലവിലുള്ള കെട്ടിടം 13/801 | തറനിരപ്പ് നില | വാണിജ്യാവശ്യം | 177.48 | 170.59 |
| | നിർദ്ദിഷ്ട ഒന്നാം നില | വാണിജ്യാവശ്യം | 227.02 | 199.01 |
| ആകെ | | | 404.5 | 369.6 |
| ആകെ | | | 784.32 | 739.46 |

പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങൾ ദേശീയ പാതയിൽ നിന്നുള്ള ദൂരപരിധി പാലിച്ചിട്ടില്ല.

13/801 നമ്പർ കെട്ടിടത്തിൽ ഒന്നാം നില നിർമ്മിക്കുന്നതിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടം സഞ്ചയ പ്രകാരം 20 വർഷം മാത്രം പഴക്കമുള്ളതാണ്. ദേശീയപാതയോട് (183A) ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം കേരള പഞ്ചായത്ത് രാജ് നിയമം 220ബി വകുപ്പ് പ്രകാരമുള്ള ദൂരപരിധി പാലിക്കുന്നതല്ല. 30.03.2000-ന് ശേഷം നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ എക്സ്റ്റൻഷൻ നടത്തുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം 220ബി വകുപ്പ്, പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം.23 എന്നിവ പ്രകാരമുള്ള ദൂരപരിധി പാലിക്കാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം.3(1) പ്രകാരം സൈറ്റും നിലവിലുള്ള കെട്ടിടങ്ങളും അംഗീകൃതമാണെങ്കിൽ മാത്രം കൂട്ടിച്ചേർക്കൽ/വ്യതിയാനം വരുത്തൽ/പുതിയ കെട്ടിടം അനുവദിക്കേണ്ടതാണ്.






2. കവറേജ് സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം പെർമിറ്റ് ആപ്ലിക്കേഷനിലും സഞ്ചയ സോഫ്റ്റ്വെയറിലും വ്യത്യാസപ്പെട്ടു കാണുന്നു. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയയിലെ വിസ്തീർണ്ണം (ച.മീ.) | പെർമിറ്റ് ആപ്ലിക്കേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണം(ച.മീ.) |
|---|---|---|
| 13/800 | 251 | 189.91 |
| 13/800A | 257 | 189.91 |
| 13/801 | 144 | 177.48 |


സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണം പരിഗണിക്കുമ്പോൾ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ ആകെ കവറേജ് 68.46 ശതമാനമാണ് ((257+227.02)/707*100). പ്ലോട്ടിൽ 484.02ച.മീ. കവേർഡ് ഏരിയ വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 27 പട്ടിക 6 പ്രകാരം കാറ്റഗറി രണ്ട് ഗ്രാമ പഞ്ചായത്തുകളിലെ എഫ് വിനിയോഗ ഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി കവറേജ് 60 ശതമാനം മാത്രമാണ്. ആയത് പ്രകാരം 707 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ ഏതൊരു നിലയിലും നിർമ്മിക്കാൻ കഴിയുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണം 424.20 ച.മീ. മാത്രമാണ്.

3. നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കരിച്ചില്ല

പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 13/801 നമ്പർ കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം 177.48 ച.മീറ്ററാണ് . എന്നാൽ സഞ്ചയയിൽ 144ച.മീ. മാത്രമാണ് അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ളത്. അധിക വിസ്തീർണ്ണം ക്രമവത്ക്കരിക്കാതെയാണ് പുതിയ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

4. ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ലഭ്യമല്ല.

പ്ലോട്ടിൽ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ വാണിജ്യ കെട്ടിടങ്ങളുടെ ഫ്ലോർ ഏരിയ 549.55 ച.മീറ്ററാണ്. എന്നാൽ പാർക്കിംഗ് പ്ലാനിൽ 4 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് കാണിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(6) പ്രകാരം എഫ്. ഗണം (വ്യാപാരം/വാണിജ്യം) ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് ഓരോ 90ച.മീ. ഫ്ലോർ ഏരിയയ്ക്കും അതിന്റെ ഭാഗത്തിനും ഒന്നു വീതം കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 549.55 ച.മീ. ഫ്ലോർ ഏരിയയുള്ള വാണിജ്യ കെട്ടിട ഭാഗത്തിന് 7 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം ആവശ്യമാണ്. എന്നാൽ പാർക്കിംഗ് പ്ലാനിൽ 4 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് കാണിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29(4)(l) പ്രകാരം തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലത്തേക്കുള്ള പാതയ്ക്ക് 3 മീറ്ററിൽ കുറയാത്ത വീതി ഉണ്ടാകേണ്ടതും ഗതാഗതയോഗ്യവുമായിരിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത പ്ലോട്ടിൽ പാർക്കിംഗ് സ്ഥലത്തേക്കുള്ള പാതയ്ക്ക് 2.08 മീ. വീതി മാത്രമാണുള്ളത്.




പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/28.10.2023), അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് അന്നത്തെ സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയതായും സാങ്കേതിക വിഭാഗത്തിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.


## 1-21 ചട്ട പ്രകാരം ആവശ്യമായ കുറഞ്ഞ തുറസ്സായ സ്ഥലം ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

ഓമല്ലൂർ വില്ലേജ് , ബ്ലോക്ക് നമ്പർ 25-ൽ സർവ്വേ നം. 226/17-ലുള്ള 1052ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 195.44ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിൽ (3/106A) 802.14ച.മീ കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് ശ്രീ ബഞ്ചമിൻ സാമുവൽ, നടുവിളമുറിയിൽ, വാഴമുട്ടം എന്ന വ്യക്തിയ്ക്ക് 06.01.2023-ൽ SC2-BA(5943)/2023 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്ലോട്ടിൽ പാർപ്പിട, വാണിജ്യ ഉപയോഗഗണത്തിൽപ്പെടുന്ന മറ്റൊരു കെട്ടിടം (13/800, 800A) നിലവിലുണ്ട്. പ്ലോട്ടിൽ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം | നില | ഉപയോഗ ഗണം | ബിൽറ്റ് അപ്പ് ഏരിയ | ഫ്ലോർ ഏരിയ |
|---|---|---|---|---|
| നിലവിലുള്ള കെട്ടിടം 3/106A | തറനിരപ്പ് നില | വാണിജ്യാവശ്യം | 97.72 | 97.72 |
| | ഒന്നാം നില | പാർപ്പിടാവശ്യം | 97.72 | 97.72 |
| ആകെ | | | 195.44 | 195.44 |
| നിർദ്ദിഷ്ട കൂട്ടിച്ചേർക്കൽ സംബന്ധിച്ച വിവരങ്ങൾ | തറനിരപ്പ് നില | വാണിജ്യാവശ്യം | 456.39 | 299.60 |
| | ഒന്നാം നില | വാണിജ്യാവശ്യം | 345.75 | 345.75 |
| ആകെ | | | 802.14 | 645.35 |
| ആകെ | | | 997.58 | 840.79 |

പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 26 പട്ടിക 4 പ്രകാരം 200ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള എഫ്. ഗണം (വ്യാപാരം/വാണിജ്യം) ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങളുടെ മുൻവശത്ത് ഏറ്റവും കുറഞ്ഞത് 3 ച.മീ. വീതിയിൽ തുറസ്സായ സ്ഥലം ആവശ്യമാണ്. എന്നാൽ പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ മുൻവശത്ത് ആകെയുള്ള 42.22മീറ്ററിൽ 17.20മീറ്റർ നീളത്തിൽ മാത്രമാണ് 3മീറ്ററിൽ കുറയാത്ത വീതിയിൽ സെറ്റ് ബാക്ക് ഉള്ളത്. ബാക്കിയുള്ള ഭാഗത്ത് 1.20മീറ്ററാണ് കുറഞ്ഞ സെറ്റ് ബാക്ക്.




പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/28.10.2023), അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് അന്നത്തെ സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയതായും സാങ്കേതിക വിഭാഗത്തിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 ആസ്തികൾ സംരക്ഷിയ്ക്കപ്പെടുന്നില്ല- ആസ്തിരജിസ്റ്റർ കൃത്യമാക്കിയില്ല

മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് 19.4.2022 ലെ സ.ഉ.(കൈ) നമ്പർ 84/2022/തസ്വഭവ നമ്പർ ആയി ഗ്രാമ, ബ്ലോക്ക്, ജില്ലാപ്പഞ്ചായത്തുകൾക്ക് പതിനാലാം പഞ്ചവത്സരപദ്ധതി പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി,ഐ.എസ് സങ്കേതങ്ങളെ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണെന്നും, തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണെന്നും ടി ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതനുസരിച്ചുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഗ്രാമപ്പഞ്ചായത്തിൽ നടന്നിട്ടില്ല എന്ന് ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

മാർക്കറ്റിന്റെ സ്ഥലവിസ്തൃതി 1 ഹെക്ടർ 37 ആർ 157 ച.മീറ്റർ എന്നാണ് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന് യഥാർത്ഥ വിസ്തൃതിയുമായി ബന്ധമില്ലയെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ ജനപ്രതിനിധികളിൽ നിന്ന് മറുപടി ലഭിച്ചു. പ്രളയഷെൽറ്റർ ആയി ഗ്രാമപ്പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സ്വകാര്യവ്യക്തികൾ റവന്യൂ വകുപ്പിന്റെ പേർക്ക് വിട്ട് നൽകിയതാണെന്നും ആയത് ഗ്രാമപ്പഞ്ചായത്തിന്റെ പേർക്ക് കൈമാറി ലഭിയ്ക്കുകയും പേരിൽക്കൂട്ടുകയും ചെയ്തിട്ടില്ലയെന്നും എക്സിറ്റ് മീറ്റിംഗിൽ ജനപ്രതിനിധികൾ അറിയിച്ചു.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ വസ്തുവകകളിൽ ഭൂരിഭാഗവും പേരിൽക്കൂട്ടുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആസ്തിരജിസ്റ്ററിലെ പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു (അംഗൻവാടികളുടെ വിവരം ഇതിൽ ഉൾപ്പെട്ടിട്ടില്ല).

| ക്രമ നമ്പർ | ആസ്തിയുടെ വിവരം | വിസ്തൃതി |
|---|---|---|
| 1 | മാർക്കറ്റ് | 1 ഹെക്ടർ 37 ആർ 157 ച.മീ. |
| 2 | ജി.എൽ.പി.എസ് ചീക്കനാൽ | 40 ആർ 48 ച.മീ. |
| 3 | സ്റ്റേഡിയം | 31 ആർ 62 ച.മീ. |
| 4 | ജിഎൽപിഎസ് മഞ്ഞനിക്കര | 13 ആർ 55.7ച.മീ. |

| | | |
|---|---|---|
| 5 | കുറിഞ്ചാൽ | 2 ഹെക്ടർ 45 ആർ |
| 6 | ഗവ. ആയുർവേദ ആശുപത്രി | 12 ആർ 14.1 ച.മീ |
| 7 | പറമ്പ് | 17 ആർ |
| 8 | വസ്തു- പുലിപ്പാറ | 40 ആർ 47 ച.മീ |
| 9 | മൃഗാശുപത്രി | 2 ആർ 36.9 ച.മീ |
| 10 | പറയനാലി കമ്മ്യൂണിറ്റി സെന്റർ, അംഗൻവാടി | 25 ആർ 90 ച.മീ |
| 11 | പി.എച്ച്.സി | 20 ആർ 25 ച.മീ |
| 12 | ജി.യു.പി.എസ് പന്ന്യാലി | 39 ആർ |

പള്ളം കുടിവെള്ളപദ്ധതിയ്ക്ക് ഇഷ്ടദാനമായി ലഭിച്ച 45 ച.മീ വിസ്തൃതിയുള്ള നിലം, അംഗൻവാടി നമ്പർ 61 (വാർഡ് 4) ന് ഇഷ്ടദാനമായി ലഭിച്ച 2 ആർ 2 ച.മീ വിസ്തൃതിയുള്ള സ്ഥലം, പ്രളയഷെൽട്ടറിന് ഇഷ്ടദാനമായി ലഭിച്ച വസ്തു എന്നിവ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ആർ-ട്രാക്ക് സോഫ്റ്റ് വെയർ മുഖേന റോഡുകളുടെ വിവരശേഖരണം ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ പൂർത്തീകരണഘട്ടത്തിലാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. സർവ്വേ വകുപ്പ് മുഖേന നടത്തുന്ന ഡിജിറ്റൽ സർവ്വേയുടെ പ്രവർത്തനങ്ങളും അന്തിമഘട്ടത്തിൽ ആയിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ ഓഡിറ്റിന് മറുപടി ലഭിച്ചു. ഈ രണ്ട് പ്രവർത്തനങ്ങളുടെയും ഫലമായുള്ള വിവരങ്ങൾ സംയോജിപ്പിച്ച് ആസ്തിരജിസ്റ്റർ കൃത്യമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിയ്ക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ആസ്തികൾ സംബന്ധിച്ച റവന്യൂ രേഖകൾ ലഭ്യമാക്കി പേരിൽക്കൂട്ടുന്നതിനും ആസ്തിരജിസ്റ്റർ കൃത്യവും പൂർണ്ണവും ആക്കുന്നതിനും അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-23 ജലജീവൻമിഷൻ- പദ്ധതിപ്രവർത്തനം മോണിട്ടർ ചെയ്യുന്നില്ല

ചെന്നീർക്കര, ഓമല്ലൂർ ഗ്രാമപ്പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിന് 113.85 കോടി രൂപ അടങ്കൽ വകയിരുത്തി നിർവ്വഹണ ഏജൻസി ആയ വാട്ടർ അതോറിറ്റി തയ്യാറാക്കിയ Detailed Engineering Report ന് 8/2021 ൽ അംഗീകാരം ലഭ്യമാക്കിയിരുന്നു. ഇതിൽ 579293400 രൂപയായിരുന്നു ഓമല്ലൂർ പഞ്ചായത്തിലേക്ക് പദ്ധതിയ്ക്ക് വകയിരുത്തിയ അടങ്കൽ. തുടർന്ന് പഞ്ചായത്ത്, വാട്ടർ അതോറിറ്റി, പദ്ധതിയുടെ Implementing Support Agency (ISA) ആയ Kerala Voluntary Health Services എന്നിവ തമ്മിൽ 19.11.2021 ൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടു. ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് മാത്രമാണ് ഇതേവരെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ളത്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ഏതൊക്കെ പ്രവൃത്തികൾ ആണ് ഉൾപ്പെടുത്തിയത് എന്നതിലും ഉപയാഗിക്കുന്ന സാധനസാമഗ്രികൾ സംബന്ധിച്ചും തികഞ്ഞ അവ്യക്തത ആണുള്ളത്.

കരാർ പ്രകാരം ആകെ അടങ്കലിന്റെ 15 % ഒടുക്കേണ്ടതാണെങ്കിലും ഇതേവരെ ഗ്രാമപ്പഞ്ചായത്ത് വിഹിതം ഇനത്തിൽ 1 രൂപ പോലും വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടില്ല. പ്രവൃത്തികൾ നടന്ന് വരുന്നതായി ഈ വിഷയം സംബന്ധിച്ച് ഭരണസമിതി അംഗങ്ങളിൽ നിന്ന് എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭിച്ചു. എന്നാൽ റോഡുകൾ കുഴിച്ച് പൈപ്പിട്ടശേഷം മണ്ണിട്ട് മൂടുകമാത്രമാണ് ചെയ്തുവരുന്നതെന്നും റോഡ് പൂർവ്വസ്ഥിതിയിൽ ആക്കാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നതായും വിശദീകരിയ്ക്കപ്പെട്ടു. കുഴിയ്ക്കുന്ന റോഡുകളിൽ Wet Mix Macadom നിരത്തി പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനായി Road Restoration Charges ഇനത്തിൽ തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതർക്ക് വിശദാംശം ലഭ്യമായിട്ടില്ല. പദ്ധതിയുടെ വിശദമായ മോണിട്ടറിംഗ് നടത്തുന്നതിന് നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കി പദ്ധതിയുടെ മോണിട്ടറിംഗ് നടത്തുന്നതിനും ഗാർഹിക കണക്ഷനുകൾ നൽകിയശേഷം കുഴിച്ച റോഡുകൾ കരാറിലെ വ്യവസ്ഥ അനുസരിച്ച് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-24 ലൈഫ് ഭവന പദ്ധതി-ഹഡ്കോ ലോൺ-7.33 ലക്ഷം രൂപ സ്രോതസ്സിൽ നിന്ന് അധികമായി തിരികെ പിടിച്ചു

ലൈഫ് ഭവന പദ്ധതിയ്ക്കായി വിവിധ സാമ്പത്തിക വർഷങ്ങളിൽ ഹഡ്കോയിൽ നിന്ന് വായ്പ എടുത്തിരുന്ന തുകയിൽ 3,22,110 രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിച്ചിരുന്നു. വായ്പാത്തുകയുടെ പലിശ സർക്കാർ നേരിട്ടും വായ്പാത്തുകയുടെ മുതൽ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്ന വികസനഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് നേരിട്ട് കുറവുചെയ്തുമാണ് അടയ്ക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷം ലോൺ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്ന് 10,55,222 രൂപ കുറവുചെയ്തിട്ടുണ്ട്. ഇതുകാരണം തിരിച്ചടയ്ക്കുവാൻ അവശേഷിച്ചിരുന്ന ലോൺ തുകയേക്കാൾ 7,33,112 രൂപ

അധികമായി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിരിക്കുന്നു. അധികമായി കുറവുചെയ്ത തുക തിരികെ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിന് തുടർനടപടി അനിവാര്യം

2022-23 ൽ ഗ്രാമപഞ്ചായത്തിലെ 216 പൊതുടാപ്പുകളുടെ വെള്ളക്കരമായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 605000/- രൂപ ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 2023 ഫെബ്രുവരി മാസം വരെ പ്രതിമാസം 104184 രൂപയായിരുന്ന ഡിമാന്റ് തുക. ഇത് 2023 മാർച്ച് മുതൽ 262062 രൂപയായി ഉയർന്നു. 22.03.2022 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(2) നമ്പർ തീരുമാനപ്രകാരം പൊതുടാപ്പുകൾ പലതും ഉപയോഗശൂന്യമായതിനാൽ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് 21.04.2022 ൽ പത്തനംതിട്ട വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചീനീയർക്ക് കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 07.05.2022 ൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് അറിയിപ്പ് ലഭിച്ചിരുന്നു. പ്രവർത്തനക്ഷമമായതും നിലനിർത്തേണ്ടതുമായ ടാപ്പുകളുടെ എണ്ണം 103 ആയി നിജപ്പെടുത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടോ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളോ ഫയലിൽ ലഭ്യമല്ല. 2023 ഒക്ടോബർ മാസത്തിലെ ബിൽ പ്രകാരം 103 ടാപ്പുകളുടെ വെള്ളക്കരമായി 124965 രൂപ തനത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിലെ എല്ലാ ഗുണഭോക്താക്കൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് ജലജീവൻമിഷൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടന്ന് വരുന്നു. ഈ സാഹചര്യത്തിൽ തനത് ഫണ്ടിലെ അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി, ഡിസ്കണക്ഷൻ ഫീസ് ഒടുക്കി എല്ലാ പൊതുടാപ്പുകളും റദ്ദ് ചെയ്യുന്നതിന് തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉചിതമായ ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-26 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയുന്ന പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും അവ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമായിട്ടില്ല. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ നം./പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക /ഫണ്ട് | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | 94/23 അപകടകരവും ഗതാതത തടസ്സമായും നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22050252003201383193 17.03.2023 | 140000 വികസന ഫണ്ട് | കെ.എസ്.ഇ.ബി |
| 2 | 93/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 22050252003201366655 15.03.2023 | 141423 വികസന ഫണ്ട് | കെ.എസ്.ഇ.ബി |
| 3 | 258/23 വിവിധ വാർഡുകളിൽ | XVFC/22-23/P/66 07.02.2023 | 274973 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വാട്ടർ അതോറിറ്റി |
| 4 | 1/23 വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ( 118,56,57,58 ) | XVFC/22-23/P/61 11.01.2023 | 200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| 5 | 261/23<br>അംഗൻവാടി കുടിവെള്ള കണക്ഷൻ | XVFC/22-23/P/81<br>07.02.2023 | 21353<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വാട്ടർ അതോറിറ്റി |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/30.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽസൂചിപ്പിച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 തുക ഒടുക്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹിച്ച താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.& പേര് | ബിൽ നം/ തീയതി തുക | ലഭ്യമായ മരുന്നുകൾ (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (രൂപ) |
|---|---|---|---|
| 61/23<br>എഫ്.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ | 22050252012701125331<br>02.02.2023/400000 | 229728 | 170272 |
| 63/23<br>പാലിയേറ്റീവ് കെയർ | 22050252012701125333<br>2/2/23<br>100000<br>22050252012701548805/29.03.23 /100000<br>22050252012701362911/15.03.23 /200000 | 208944 | 191056 |

അവശേഷിക്കുന്ന മരുന്ന് അടിയന്തിരമായി ലഭ്യമാക്കുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ "ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ" എന്ന പദ്ധതിക്കായി (പ്രോജക്ട് നമ്പർ- 53/23 ) ബിൽ നം.22050252003201165974 തീയതി 09.02.2023 പ്രകാരം 150000 രൂപ ഹോംകോയ്ക്ക് മുൻകൂർ നൽകിയിരുന്നു. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-മരണപ്പെട്ടവരെ യഥാസമയം പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്) നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ടി നിർദ്ദേശം കൃത്യമായി ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ

വിതരണ രേഖകൾ പരിശോധിച്ചതിൽ, താഴെച്ചേർക്കുന്ന മരണപ്പെട്ടുപോയ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതായി ബോധ്യപ്പെട്ടു.

| ക്രമ നം | പെൻഷണറുടെ വിവരങ്ങൾ | | | അധികമായി അനുവദിച്ച തുക | |
|---|---|---|---|---|---|
| | പേര്, വിലാസം | മരണ തീയതി | പെൻഷൻ ID | കാലയളവ് | തുക |
| 1 | കുഞ്ഞമ്മ ഡാനിയേൽ<br>ചേരിയിൽ വീട്, വാഴമുട്ടം | 20.06.2020 | 103900200902 | 07/20 To 03/21<br>(9 X 1500) | 13500 |
| | | | | 04/21 To 06/23<br>(27 X 1600) | 43200 |
| 2 | ചിന്നമ്മ<br>വേട്ടക്കുളത്ത്, ഐമാലി | 16.08.2021 | 103900200707 | 09/21 To 06/23<br>(22 X 1600) | 35200 |

മരണപ്പെട്ടവരേയും, അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിക്കാതിരിക്കുന്നത് സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതിന് ഇടയാക്കും. ഓഡിറ്റ് സമയത്ത് ടി അപാകത ചൂണ്ടിക്കാണിച്ചത് അനുസരിച്ച് 30.10.2023 തീയതി പ്രാബല്യത്തിൽ ടി ആളുകളെ പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. മരണപ്പെട്ടതിന് ശേഷം ടിയാളുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുള്ള തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ജി-2-44274/2015 തീ. 17.08.2015 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണങ്ങളുടേയും വിതരണം ചെയ്യുന്നവയുടേയും വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.കേടായ ഉപകരണങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കുകയും ഓരോ വാർഡിലെയും സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ പഞ്ചായത്ത് ഭരണ സമിതിയിലെ അംഗങ്ങൾ, അസി.എഞ്ചിനീയർ, സെക്രട്ടറി, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ രൂപീകൃതമായ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമാഹരിച്ച് തെരഞ്ഞെടുത്ത വാർഡുകളിൽ നേരിട്ട് പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. അപാകം പരിഹരിയ്ക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-31 അഗതിരഹിതകേരളം പദ്ധതി - അവലോകനം

നിലവിൽ 78 ഗുണഭോക്താക്കളാണ് അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് വീട് , ഭവന പുനരുദ്ധാരണം തുടങ്ങിയ ആനുകൂല്യങ്ങൾ നിലവിൽ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി നല്കി വരുന്നുണ്ട്. ചലഞ്ച് ഫണ്ടിന്റെ മൂന്നാം ഗഡു ഇതേവരെ ലഭ്യമായിട്ടില്ല എന്നത് പ്രതികൂലഘടകമാണ്. ഫണ്ടിന്റെ ലഭ്യതക്കുറവിനാൽ 2022 ഒക്ടോബർ മാസം വരെ മാത്രമേ ഗുണഭോക്താക്കൾക്ക് ഭക്ഷണക്കിറ്റ് വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുള്ളൂ. ഭക്ഷണക്കിറ്റിനായി പ്ലാൻ ഫണ്ടിൽനിന്നും സാമ്പത്തിക വർഷം 229655 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 31.10.2023 ൽ 107667 രൂപ മാത്രമാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി സേവനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ ഗുണഭോക്താവിന്റെയും അതിജീവനാവശ്യങ്ങൾ കണ്ടെത്തിയാണ് അഗതി രഹിത കേരളം പദ്ധതി പഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടുള്ളതും പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും. പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായും നിരന്തര വിലയിരുത്തലിനായും വിലയിരുത്തൽ സമിതി ഉപസമിതി രൂപീകരിച്ച് യോഗങ്ങൾ ചേരേണ്ടതാണ്. പൂർണ്ണതോതിൽ ഭക്ഷണക്കിറ്റ് ലഭ്യമാക്കുന്നതിനായി സി.ഡി.എസിന് മതിയായ വിഹിതം നൽകുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-32 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയിട്ടുള്ളവർ വർഷങ്ങൾക്ക് ശേഷവും നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | തങ്കമണി സി.എൽ. ശ്രീഹരി ഭവനം, വാഴമുട്ടം | 40,000 | 28.01.22 |
| | | 1,60,000 | 24.08.22 |
| 2 | ലളിത മാടമ്പിൽ, പന്ന്യാലി | 40,000 | 16.10.21 |
| | | 1,55,400 | 17.03.22 |
| | | 4600 | 26.03.22 |
| | | 1,00,000 | 09.05.23 |
| 3 | വിജയൻ പദ്മനാഭൻ ലക്ഷം വീട്, മഞ്ഞനിക്കര | 40,000 | 16.10.21 |
| | | 1,60,000 | 17.03.22 |
| | | 1,00,000 | 28.01.23 |
| 4 | ചെല്ലപ്പൻ താന്നിമൂട്ടിൽ, പറയനാലി | 40,000 | 26.03.21 |
| | | 1,00,000 | 19.08.23 |
| 5 | മോഹനൻ ഇ.കെ. ഇലവുംതറ, മണ്ണാറമല | 40,000 | 18.09.21 |
| | | 60,000 | 09.05.23 |
| | | 1,00,000 | 09.05.23 |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള സാഹചര്യം വിശദമാക്കി നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി (ഓഡിറ്റ് എൻക്വയറി നം.18/30.10.23) ലഭ്യമാക്കിയിട്ടുണ്ട്. വ്യക്തിഗത ഭവന നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഹരിതകർമ്മസേന കൺസോർഷ്യം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

2022-23 സാമ്പത്തിക വർഷം ഹരിതകർമ്മസേനാംഗങ്ങൾ ഖരമാലിന്യം ശേഖരിച്ചതിന്റെ യൂസർഫീ രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നുമായി ഹരിതകർമ്മസേനാംഗങ്ങൾ പിരിച്ചെടുത്ത യൂസർഫീ ഇനത്തിൽ വരവ് വന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിനങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. ഇത് സാമ്പത്തിക ഇടപാടുകളുടെ സുതാര്യതയെ ബാധിക്കുന്നതാണ്. ചെലവുകൾ കൂടി ഉൾപ്പെടുത്തി തുടർവർഷങ്ങളിൽ കൺസോർഷ്യം ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന് ഹരിതകർമ്മസേന കൺസോർഷ്യം സെക്രട്ടറി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 മുറ്റത്തൊരു മീൻതോട്ടം-അപാകങ്ങൾ

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ മുറ്റത്തൊരു മീൻതോട്ടം പദ്ധതി പ്രകാരം (No.184/23) മൂന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾ ഏർപ്പെട്ട കരാറിന്റെ മൂന്നാമത്തെ നിബന്ധനയായി കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചറും ആക്ട് 2010 പ്രകാരമുള്ള രജിസ്ട്രേഷനും അക്വാകൾച്ചർ ലൈസൻസും യഥാസമയം നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളായ ശ്രീ.കെ.ജി.മാത്തുക്കുട്ടി, ശ്രീമതി.രത്നമ്മ നായർ, ശ്രീമതി.ഓമനയമ്മ എന്നിവരുടെ അക്വാകൾച്ചർ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല .
2. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകുന്നതിന് മുൻപ് അപേക്ഷകന്റെ സ്ഥലം നേരിട്ട് പരിശോധിച്ച്, ഫീൽഡ് തല പരിശോധനാ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. എന്നാൽ ശ്രീമതി.ഓമനയമ്മ എന്ന ഗുണഭോക്താവിന്റെ സ്ഥലം പരിശോധിച്ചതിന്റെ ഫീൽഡ് തല പരിശോധനാ റിപ്പോർട്ട്

ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കളുമായുള്ള കരാറിൽ, പദ്ധതി പ്രകാരം നിർമ്മിക്കുന്ന മത്സ്യക്കൃഷിയിടത്തിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും മത്സ്യകൃഷി നടത്തുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മത്സ്യക്കൃഷിയുടെ നിലവിലെ സ്ഥിതി വിശദമാക്കിയിട്ടില്ല.
4. പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം ഗുണഭോക്താക്കളുടെ സ്ഥലം നേരിട്ട് പരിശോധന നടത്തി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്റ്റ് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിനും പ്രവർത്തന പുരോഗതിയുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-35 റ്റി.ആർ 7എ മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഡെയറി ഫാം ഇൻസ്ട്രക്ടർ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിന് ഒരു സാധാരണ രജിസ്റ്ററാണ് ക്യാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്. ഇത് TR.7.A മാതൃക പ്രകാരമുള്ളതല്ല. പദ്ധതി നിർവ്വഹണത്തിലും പദ്ധതിപ്പണത്തിന്റെ വിനിയോഗത്തിലും സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് ഇപ്രകാരം ചട്ടത്തിൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ക്യാഷ്ബുക്ക് പരിപാലിക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | അതിദാരിദ്ര നിർമാർജ്ജനം | 200000 | . |
| ബ്ലോക്ക് പഞ്ചായത്ത് | 810000 | ലൈഫ് ഭവന നിർമാണം | 810000 | . |
| ജില്ലാ പഞ്ചായത്ത് | 830000 | ലൈഫ് ഭവന നിർമാണം | 830000 | . |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | അഗതിരഹിത കേരളം | 75000 | . |
| ജില്ലാ പഞ്ചായത്ത് | 100000 | അഗതിരഹിത കേരളം | 100000 | . |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 153088 | നെൽകൃഷി വികസനം | 153088 | - |
| ജില്ലാ പഞ്ചായത്ത് | 166400 | നെൽകൃഷി വികസനം | 166400 | - |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 100000 | - |
| ജില്ലാ പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 212289 | അങ്കണവാടി പോഷകാഹാരം(ജനറൽ) | 212289 | - |
| ബ്ലോക്ക് പഞ്ചായത്ത് | 172500 | ഭിന്നശേഷി സ്കോളർഷിപ്പ് | 172500 | - |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | പാൽ സബ്സിഡി | 150000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് /നം | ഏജൻസി | തുക | ലഭിച്ചത് |
|---|---|---|---|---|
| 1 | 94/23 അപകടകരവും ഗതാഗത തടസ്സമായും നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 140000 | ഇല്ല |
| 2 | 93/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 141423 | ഇല്ല |
| 3 | 258/23 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | 274973 | ഇല്ല |
| 4 | 1/23 വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (118,56,57,58 ) | വാട്ടർ അതോറിറ്റി | 200000 | ഇല്ല |
| 5 | 261/23 അംഗൻവാടി കുടിവെള്ള കണക്ഷൻ | വാട്ടർ അതോറിറ്റി | 21353 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| ലോൺ ഇനം | മുൻ ബാക്കി | വരവ് | ആകെ | തിരിച്ചടവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ലൈഫ് പദ്ധതി | 3,22,110 | 0 | 3,22,110 | 10,55,222 | (7,33,112) |

(ലോൺ തിരിച്ചടവ് ഇനത്തിൽ 7,33,112 രൂപ സ്രോതസ്സിൽ നിന്ന് അധികമായി കുറവ് വരുത്തിയിട്ടുണ്ട്)

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2020-21 | 1.15 | 1642 | റ്റി.ആർ. ശിവസുതൻ, തറമേൽക്കര, കൊട്ടന്തറ | 1220105393 / 03.01.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട് | - | 2014-15 | 4-1 | വൃദ്ധസദനം പ്രവർത്തനക്ഷമമായില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2016-17 | 3-24 | 2017-18 | - | 22.51 ലക്ഷം ചെലവഴിച്ച അറവുശാല നിർമ്മാണം ആറ് വർഷംപിന്നിട്ടിട്ടും പൂർത്തിയായില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2016-17 | 3-25 | 2017-18 | - | ഓമല്ലൂർ മാർക്കറ്റിൽ മാലിന്യ പ്രശ്നം രൂക്ഷം-പ്ലാന്റ് നിർമ്മിക്കുന്നതിന് ആറ് വർഷം മുമ്പ് ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102232454 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99780467 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ നിരാകരിച്ച തുക

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01 തീയതി 23-03-02/09-05-02 | 4 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01 തീയതി 03.04-02 | - |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829/01 തീയതി 10-04-02/ 20-09-02 | - |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/536/05 തീയതി 02-11-05 /15-02-06 | 1 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06 തീയതി 12-12-06 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171/08 തീയതി 20-01-09 | 1 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10 | 2 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/703/09 തീയതി 04-06-10 /29-10-11 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37/11 തീയതി 06-12-11 /04-08-12 | 3 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877/11 തീയതി 03-10-11 /06-08-12 | 1 |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878/12 തീയതി 10-12-12/05-06-14 | 2 |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി5/777/14 തീയതി.29.11.14 | 4 |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | 9 |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/ 748/16 തീയതി 16-07-2016 | 5 |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ. പി5/45/17 തീയതി 08.02.2017 | 5 |
| 2016-17 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/759/17 തീയതി 18.07.17 | 10 |
| 2017-18 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/181/19 തീയതി 14.03.2019 | 9 |
| 2018-19 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/103/20 തീയതി 25.02.2020 | 14 |
| 2019-20 | നം. കെ.എസ്.എ.പി.റ്റി.എ.പി.5/304/22 തീയതി: 26.03.2022 | 13 |
| 2020-21 | നം. കെ.എസ്.എ.പി.റ്റി.എ.പി.5/549/22 തീയതി: 14.06.2022 | 8 |
| 2021-22 | നം. കെ.എസ്.എ.പി.റ്റി.എ.പി.5/114/23 തീയതി: 30.03.2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട,

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4/1 dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the OMALLOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of OMALLOOR Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of OMALLOOR Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The mandatory financial statements such as notes to accounts and ratios prescibed in accounting rules are not submitted for audit

2. Net increase in cash flow does not match with the difference between the opening balance and closing balance of cash and cash equivalents

3. Asset register is not updated and property tax DCB from sanchaya software not reliable for audit

4. Lapses in making timely and accurate demand entries in respect of tax and non tax revenue

5.Work sheet prepared for providing depreciation of various assets is not produced for audit. Hence the depreciation value provided is not verified.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്